




എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

مَّآ أَشْهَدتُّهُمْ خَلْقَ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَا خَلْقَ أَنفُسِهِمْ
وَمَا كُنتُ مُتَّخِذَ ٱلْمُضِلِّينَ عَضُدًا ﴿٥١﴾

**51.** ആകാശഭൂമികളുടെ സൃഷ്ടിക്ക് അവരെ ഞാൻ സാക്ഷികളാക്കിയിട്ടില്ല; അവരുടെ തന്നെ സൃഷ്ടിക്കും സാക്ഷികളാക്കിയിട്ടില്ല. ഞാൻ, വഴിതെറ്റിക്കുന്നവരെ സഹായികളാക്കുന്നവനല്ലതാനും.

وَيَوْمَ يَقُولُ نَادُوا۟ شُرَكَآءِىَ ٱلَّذِينَ زَعَمْتُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا۟ لَهُمْ
وَجَعَلْنَا بَيْنَهُم مَّوْبِقًا ﴿٥٢﴾

**52.** വിചാരണാനാളിൽ, എന്റെ പങ്കാളികളെന്ന് നിങ്ങൾ വാദിച്ചിരുന്നവരെ വിളിക്കുവീൻ എന്ന് അല്ലാഹു അവരോടു കൽപ്പിക്കുമ്പോൾ അവർ ആ ദൈവങ്ങളെ വിളിച്ചുനോക്കും. ആ ദൈവങ്ങളാരും അവർക്കുത്തരം കൊടുക്കുകയില്ല. നാം അവർക്കിടയിൽ ഒരു നാശഗർത്തം നിർമിച്ചിരിക്കും.

وَرَءَا ٱلْمُجْرِمُونَ ٱلنَّارَ فَظَنُّوٓا۟ أَنَّهُم مُّوَاقِعُوهَا وَلَمْ يَجِدُوا۟ عَنْهَا مَصْرِفًا
﴿٥٣﴾

**53.** പാപഗ്രസ്തരൊക്കെയും അന്ന് നരകം നേരിൽ കാണുന്നു. തങ്ങൾ അതിൽ പതിക്കാൻ പോവുകയാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അതിൽനിന്ന് തിരിഞ്ഞുപോകാൻ വഴിയൊന്നും കാണുകയുമില്ല.

وَلَقَدْ صَرَّفْنَا فِى هَٰذَا ٱلْقُرْءَانِ لِلنَّاسِ مِن كُلِّ مَثَلٍ ۚ وَكَانَ ٱلْإِنسَٰنُ أَكْثَرَ
شَىْءٍ جَدَلًا ﴿٥٤﴾

**54.** ഈ ഖുർആനിൽ ബഹുവിധ ഉദാഹരണങ്ങളിലൂടെ പല മട്ടിൽ നാം മനുഷ്യർക്ക് യാഥാർഥ്യം വിശദീകരിച്ചുകൊടുത്തിരിക്കുന്നു. പക്ഷേ മനുഷ്യൻ തർക്കം പെരുത്ത സാധനമാണല്ലോ.

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ ٱلْهُدَىٰ وَيَسْتَغْفِرُوا۟ رَبَّهُمْ
إِلَّآ أَن تَأْتِيَهُمْ سُنَّةُ ٱلْأَوَّلِينَ أَوْ يَأْتِيَهُمُ ٱلْعَذَابُ قُبُلًا ﴿٥٥﴾

**55.** സന്മാർഗദർശനം മുന്നിൽ വന്നപ്പോഴൊക്കെ അതംഗീകരിക്കുന്നതിൽനിന്നും വിധാതാവിനോട് പാപമുക്തി തേടുന്നതിൽനിന്നും മനുഷ്യരെ തടഞ്ഞിട്ടുള്ളത്, പൂർവ സമുദായങ്ങളുടെ ചരിത്രം ഞങ്ങൾക്കുമുണ്ടാവണം അല്ലെങ്കിൽ ശിക്ഷ നേരിട്ടു കാണണം എന്ന നിലപാടു തന്നെയായിരുന്നു.

❁ مَآ أَشْهَدتُّهُمْ = ഞാൻ അവരെ സാക്ഷികളാക്കിയിട്ടില്ല

خَلْقَ ٱلسَّمَٰوَٰتِ وَٱلْأَرْضِ = ആകാശഭൂമികളുടെ സൃഷ്ടിക്ക്(ക്കുമ്പോൾ)

وَلَا خَلْقَ أَنفُسِهِمْ = അവരുടെ തന്നെ സൃഷ്ടിക്കും(സാക്ഷികളാക്കിയിട്ടില്ല)

وَمَا كُنتُ مُتَّخِذَ = ഞാൻ എടുക്കുന്നവനല്ല(ആക്കുന്നവനല്ല) ٱلْمُضِلِّينَ = വഴിതെറ്റിക്കുന്നവരെ(ഒന്നും)

عَضُدًا = സഹായികൾ وَيَوْمَ = (വിചാരണാ) നാളിൽ يَقُولُ = അവൻ പറയും(അല്ലാഹു അവരോടു കൽപ്പിക്കുമ്പോൾ)

نَادُوا۟ = നിങ്ങൾ വിളിക്കുവീൻ شُرَكَآءِىَ = എന്റെ പങ്കാളികളെ(ളെന്ന്) ٱلَّذِينَ زَعَمْتُمْ = നിങ്ങൾ വാദിച്ചിരുന്നവരെ

فَدَعَوْهُمْ = അപ്പോൾ അവർ അവരെ (ആ ദൈവങ്ങളെ) വിളി(ച്ചു നോ)ക്കും

فَلَمْ يَسْتَجِيبُوا۟ لَهُمْ = അവർ (പക്ഷേ ആ ദൈവങ്ങളാരും) അവർക്ക് ഉത്തരം കൊടുക്കുന്നില്ല

وَجَعَلْنَا = നാം ആക്കി (നിർമിച്ചിരിക്കും) بَيْنَهُم = അവർക്കിടയിൽ مَّوْبِقًا = ഒരു മറ, നാശഗർത്തം

وَرَءَا ٱلْمُجْرِمُونَ = പാപഗ്രസ്തർ(ഒക്കെയും ആ നാളിൽ നേരിൽ) കാണുന്നു ٱلنَّارَ = നരകം

فَظَنُّوٓا۟ = അപ്പോൾ അവർ മനസ്സിലാക്കുന്നു

أَنَّهُم مُّوَاقِعُوهَا = എന്തെന്നാൽ അവർ അതിൽ സംഭവിക്കുന്നവരാണെന്ന്(തങ്ങൾ അതിൽ പതിക്കാൻ പോവുകയാണെന്ന്)

وَلَمْ يَجِدُوا۟ = അവർ ഒരിക്കലും കാണുകയുമില്ല عَنْهَا = അതിൽനിന്ന് (രക്ഷപ്പെടാൻ)

مَصْرِفًا = തിരിഞ്ഞുപോകാനുള്ള ഇടം, (വഴിയൊന്നും)

وَلَقَدْ صَرَّفْنَا = നാം തിരിച്ചുമറിച്ചു (പല മട്ടിൽ യാഥാർഥ്യം വിശദീകരിച്ചുകൊടുത്തിരിക്കുന്നു)

فِى هَٰذَا ٱلْقُرْءَانِ = ഈ ഖുർആനിൽ لِلنَّاسِ = മനുഷ്യർക്ക്

مِن كُلِّ مَثَلٍ = എല്ലാ ഉദാഹരണങ്ങളാലും (ബഹുവിധ ഉദാഹരണങ്ങളിലൂടെ)

وَكَانَ ٱلْإِنسَٰنُ = (പക്ഷേ) മനുഷ്യൻ ആയി (ആണല്ലോ) أَكْثَرَ شَىْءٍ = പെരുത്ത സാധനം جَدَلًا = തർക്ക(ം)ത്താൽ

وَمَا مَنَعَ ٱلنَّاسَ = മനുഷ്യരെ തടഞ്ഞില്ല(ഞ്ഞിട്ടുള്ളത്) أَن يُؤْمِنُوٓا۟ = അവർ വിശ്വസിക്കുന്നതിന് (അതംഗീകരിക്കുന്നതിൽനിന്ന്)

إِذْ جَآءَهُمُ = അവർക്കു(രുടെ മുന്നിൽ)വന്നപ്പോൾ (ഒക്കെ) ٱلْهُدَىٰ = സന്മാർഗദർശനം

وَيَسْتَغْفِرُوا۟ رَبَّهُمْ = അവരുടെ വിധാതാവിനോട് പാപമോചനം തേടുന്നതിൽനിന്നും

إِلَّآ أَن تَأْتِيَهُمْ = അവർക്ക് വരിക എന്നതല്ലാതെ(തങ്ങൾക്കും സംഭവിക്കണം)

سُنَّةُ ٱلْأَوَّلِينَ = മുമ്പന്മാരുടെ ചര്യ(പൂർവ സമുദായങ്ങളുടെ ചരിത്രം)

أَوْ يَأْتِيَهُمُ ٱلْعَذَابُ = അല്ലെങ്കിൽ അവർക്ക് ശിക്ഷ വരുന്നത്

قُبُلًا = നേരിട്ട് (മുഖാമുഖം) (ദൈവികശിക്ഷ വന്ന്കാണണമെന്ന അവരുടെ നിലപാട് തന്നെയായിരുന്നു)

**51.** ഏതാണ്ടൊരു ഫലിതരൂപത്തിൽ ഈ സൂക്തം പറയുന്നതിതാണ്: നിങ്ങൾ ആർത്തത്രാണരും അനുഗ്രഹദാതാക്കളുമായി കരുതുന്ന ഈ ചെകുത്താന്മാരുണ്ടല്ലോ, ഞാൻ പ്രപഞ്ചം സൃഷ്ടിക്കുന്നേരം അവരാരെയും സഹായത്തിനു വിളിച്ചിട്ടില്ല. അവരാരും ആ സംരംഭത്തിൽ പങ്കെടുത്തിട്ടുമില്ല. ആകാശഭൂമികളിരിക്കട്ടെ, അവരെത്തന്നെ സൃഷ്ടിക്കുമ്പോൾപോലും അവരെ വിളിക്കുകയോ അഭിപ്രായമാരായുകയോ ചെയ്തിട്ടില്ല. വഴിതെറ്റിക്കുന്നവരെ സഹായികളായി സ്വീകരിക്കേണ്ട കാര്യവും എനിക്കില്ല. പക്ഷേ, ഇന്ന്, ഈ അണ്ഡകടാഹം സൃഷ്ടിച്ചുപാലിച്ചുപോരുന്നത് അവരാണെന്ന മട്ടിലാണ് മനുഷ്യർ അവരെ എന്റെ ദിവ്യത്വത്തിന്റെ പങ്കാളികളാക്കിയിരിക്കുന്നത്.

**52,53.** സത്യദൈവത്തെയും അവന്റെ ശാസനകളെയും നിഷേധിച്ച് കൃത്രിമദൈവങ്ങളെ സൃഷ്ടിച്ചാരാധിക്കുന്ന ബഹുദൈവവിശ്വാസികളെ ഉയിർത്തെഴുന്നേൽപ്പുനാൾ ഓർമിപ്പിക്കുകയാണീ സൂക്തങ്ങൾ. അന്ന് അല്ലാഹു അവരോടു പറയും: രക്ഷകരും സഹായികളുമെന്ന് വാദിച്ച് നിങ്ങൾ പൂജിച്ചിരുന്ന ആ ദൈവങ്ങളെ ഇങ്ങ് വിളിച്ചോളൂ. അവർ വന്ന് എന്റെ വിചാരണയിൽ നിന്നും ശിക്ഷയിൽനിന്നും നിങ്ങളെ രക്ഷിക്കട്ടെ. അതുകേട്ട് അവർ ആ

ദൈവങ്ങളെയൊക്കെ താണുകേണ് പ്രാർഥിച്ചുനോക്കും. എവിടെ നിന്നും ഒരുത്തരവും ലഭിക്കുകയില്ല. സ്വയം തന്നെ വമ്പിച്ച ആപത്തിലകപ്പെട്ടിരിക്കുന്ന അവർക്കെങ്ങനെ മറ്റുള്ളവരുടെ കാര്യം ശ്രദ്ധിക്കാൻ കഴിയും? വിളിക്കുന്നവർക്കും വിളിക്കപ്പെടുന്നവർക്കുമിടയിൽ ഒരു നാശഗർത്തം സൃഷ്ടിക്കപ്പെടുന്നു. അതിനാൽ വിളിക്കുന്നവർക്ക് അങ്ങോട്ടോ വിളിക്കപ്പെടുന്നവർക്ക് ഇങ്ങോട്ടോ വരാനൊക്കില്ല. موبق ആണ് മൂലപദം. ഇതിനു നാശം എന്നും നാശഗർത്തമെന്നും അർഥമുണ്ട്. ചിലർ മറ എന്നും അർഥം നൽകിയിരിക്കുന്നു. ഈ അർഥങ്ങളെല്ലാം സന്ദർഭവുമായി യോജിക്കുന്നതാണ്. ഇഷ്ടദൈവങ്ങളൊന്നും സഹായത്തിനെത്താത്ത ആ സന്ദർഭത്തിൽ അവർ നരകം നേരിൽ കാണുന്നു. തങ്ങളിപ്പോൾ ഇതാ, അതിൽ പതിക്കാൻ പോവുകയാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. ആ ദുർവിധിയിൽ നിന്ന് രക്ഷപ്പെടാൻ യാതൊരു ഗത്യന്തരവും അവർ കാണുകയില്ല. സ്വന്തം കണ്ണാൽ കണ്ടുകൊണ്ടിരിക്കെ നരകത്തിലെറിയപ്പെടുക എന്നത് നരകാർഹരുടെ നിസ്സഹായതയെ ചിത്രീകരിക്കുന്നുണ്ട്.

**54.** ഈ സൂക്തത്തിന്റെ വിഷയം നേരത്തെ സൂറഃ *അൽ ഇസ്റാഅ്* 41, 89 സൂക്തങ്ങളിൽ ലഘുവായ വ്യത്യാസത്തോടെ അവതരിപ്പിച്ചിട്ടുള്ളതാണ്; *ഇസ്റാഅ്* 41 -ൽ وَمَا يَزِيدُهُمْ إِلَّا نُفُورًا എന്നും 89-ൽ فَأَبَىٰٓ أَكْثَرُ ٱلنَّاسِ إِلَّا كُفُورًا എന്നും സൂക്തം അവസാനിപ്പിച്ചപ്പോൾ ഇവിടെ وَكَانَ ٱلْإِنسَٰنُ أَكْثَرَ شَىْءٍ جَدَلًا എന്നാണവസാനിക്കുന്നത്. *ഇസ്റാഅ്* സൂക്തങ്ങളിൽ അവിശ്വാസികൾ ഖുർആനിനോട് സ്വീകരിക്കുന്ന സമീപനമാണ് പരാമർശിച്ചത്. സത്യത്തിൽനിന്ന് കൂടുതൽ അകന്നുപോകാനും നിഷേധത്തിൽ ഉറച്ചുനിൽക്കാനും മനുഷ്യരെ പ്രേരിപ്പിക്കുന്ന പൊതുസ്വഭാവം ചൂണ്ടിക്കാട്ടുകയാണിവിടെ. ന്യായവാദങ്ങൾ നിരത്തിയും തർക്കിച്ചും കാര്യങ്ങൾ താൻ ഉദ്ദേശിക്കുന്ന വിധത്തിൽ സ്ഥാപിച്ചെടുക്കാനുള്ള പ്രവണതയും കഴിവുമുണ്ട് മനുഷ്യന്. പലപ്പോഴും യാഥാർഥ്യം താൻ പറയുന്നതല്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവർ തർക്കിച്ചുജയിക്കുന്നു. സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി സ്വന്തം മനസാക്ഷിക്കെതിരായിപ്പോലും തർക്കത്തിലേർപ്പെടുന്നു. ഈ തന്ത്രമാണ് അവിശ്വാസികൾ ഖുർആനിനോട് സ്വീകരിക്കുന്നത്.

ഇവിടെ مثل-ഉദാഹരണം അല്ലെങ്കിൽ ഉപമ-എന്നതുകൊണ്ടുദ്ദേശ്യം പാരത്രിക യാഥാർഥ്യങ്ങൾ മനുഷ്യമനസ്സുമായടുപ്പിക്കാൻ മുകളിൽ കേൾപ്പിച്ചതുപോലുള്ള ഉദാഹരണങ്ങളാണ്. انسانൽ മനുഷ്യകുലം മുഴുവൻ ഉൾപ്പെടുന്നുവെങ്കിലും സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തിൽ ഖുർആനിനെതിരെ തർക്കിച്ചുകൊണ്ടിരുന്ന അവിശ്വാസികളാണ് പ്രത്യക്ഷസംബോധിതർ. ഖുർആനിൽനിന്ന് വെളിച്ചമുൾക്കൊണ്ട് ജീവിതം സംസ്കരിക്കാൻ ശ്രമിക്കുന്നതിനുപകരം അതിനെ തള്ളിക്കളയാനുള്ള ന്യായങ്ങളന്വേഷിക്കുകയാണിക്കൂട്ടർ എന്നു സാരം.

**55.** ഈ വിഷയവും സൂറഃ *അൽഇസ്റാഅ്* 94-ാം സൂക്തം മറ്റൊരു രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ആളുകളെ സത്യവിശ്വാസത്തിൽ നിന്നു വിലക്കുന്നത് അല്ലാഹു മനുഷ്യനെ ദൈവദൂതനായി നിയോഗിക്കുമോ أَبَعَثَ ٱللَّهُ بَشَرًا رَّسُولًا എന്ന സംശയമാണെന്നാണ് അതിൽ പറയുന്നത്. ഇവിടെ പറയുന്നത് പൂർവ സമുദായങ്ങൾക്കു സംഭവിച്ചത് തങ്ങൾക്കും സംഭവിക്കണം, അല്ലെങ്കിൽ ദൈവികശിക്ഷ നേരിട്ടുകാണണം എന്ന നിലപാടായിരുന്നു ആളുകളെ വിശ്വാസത്തിൽ നിന്നു തടഞ്ഞതെന്നാണ്. രണ്ടും സാരാംശത്തിൽ ഒന്നുതന്നെയാണ്. പ്രവാചകനെ തള്ളിപ്പറയുകയാണ് രണ്ടുകൂട്ടരും ചെയ്യുന്നത്. അല്ലാഹു മനുഷ്യനെ പ്രവാചകനായി അയക്കുകയില്ല എന്ന് ഒരുകൂട്ടർ പറയുന്നു. മറ്റേകൂട്ടർ പറയുന്നത്, ഇയാൾ പ്രവാചകനാണെങ്കിൽ പ്രവാചകന്മാരെ ധിക്കരിച്ച പൂർവസമുദായങ്ങൾക്കുണ്ടായ നാശം ഞങ്ങൾക്കും വന്നുകാണട്ടെ. അല്ലെങ്കിൽ ദൈവമോ അവന്റെ പടയോ നേരിട്ടുവന്ന് ഞങ്ങളെ ആക്രമിക്കട്ടെ. നേരിട്ട്, മുഖാമുഖം എന്നാണ് قُبُلന്റെ അർഥം. മക്കയിലെ സത്യനിഷേധികൾ ഈ നേരിട്ടുള്ള ശിക്ഷ അനുഭവിക്കുക തന്നെചെയ്തു. അതിന്റെ തുടക്കമായിരുന്നു ബദ്ർ യുദ്ധം. മക്കാവിമോചനത്തോടെ അത് പൂർത്തിയായി. ■